## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.389 29/06/2015-ൽ മറുപടിക്ക്

# വൈദ്യുതി ഉപഭോക്താക്കളുടെ പേരും അഡ്രസ്സും മാറ്റുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി കണക്ഷൻ എടുത്തിട്ടുള്ള ഉപഭോക്താക്കളുടെ പേരും അഡ്രസ്സും മാറ്റുന്നതിന് കെ.എസ്.ഇ.ബി. ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടി ക്രമങ്ങൾ വ്യക്തമാക്കാമോ;<br><br>(ബി) ഒരു ഉപഭോക്താവിന്റെ പേര് തെറ്റായി രേഖപ്പെടുത്തിയാൽ അത് ശരിയാക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് സെക്ഷനുകളിൽ പരാതി നൽകിയാൽ സ്വീകരിക്കുന്നില്ല എന്ന പ്രശ്നം കെ.എസ്.ഇ.ബി. യുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ) യും (ബി)യും<br>കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014 – ലെ 90,91 വ്യവസ്ഥകളിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചാണ് വൈദ്യുതി കണക്ഷൻ എടുത്തിട്ടുള്ള ഉപഭോക്താക്കളുടെ പേരും അഡ്രസ്സും മാറ്റി നൽകുന്നത്.<br><br>ഉപഭോക്താവിന്റെ പേര് തെറ്റായി രേഖപ്പെടുത്തിയാൽ അത് ശരിയാക്കുന്നതിന് ആവശ്യമായ രേഖകൾ സഹിതമുള്ള അപേക്ഷ, ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതാണ്. അവ പരിശോധിച്ച് ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ആവശ്യമായ തിരുത്തലുകൾ വരുത്താവുന്നതാണ്. ഇതു സംബന്ധിച്ചുള്ള പരാതികൾ സെക്ഷൻ ഓഫീസുകളിൽ സ്വീകരിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് പ്രത്യേകം പരിശോധിക്കാം. |

സെക്ഷൻ ഓഫീസർ